**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2753

12.02.2019 ൽ മറുപടിയ്ക്ക്.

# വേൾഡ് സ്കിൽസ് ലൈസിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എം.ഉമ്മർ<br>,, കെ.എൻ.എ ഖാദർ<br>,, മഞ്ഞളാംകുഴി അലി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (കെ.എ.എസ്.ഇ.) കീഴിൽ ഒരു വേൾഡ് സ്കിൽസ് ലൈസിയം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) സ്കിൽ സെക്രട്ടേറിയറ്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടു കൊണ്ട് സ്കിൽ സെക്രട്ടേറിയേറ്റിനു ഒരു തിങ്ക് ടാങ്ക് (think – tank) ആയി വേൾഡ് സ്കിൽ ലൈസിയം (World Skill Lyceum) രൂപീകരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സ്കിൽ ലൈസിയം സ്ഥാപിക്കുന്നതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ